മംഗളം
24 April 2017

# കടൽ സുരക്ഷ ശക്തിപ്പെടുത്താൻ ജി.ഐ.എസ്. ഡാറ്റാബേസ്

## ■ രാജ്യത്തെ മീൻപിടിത്ത മേഖലകളുടെ ഭൂവിവര സമാഹാരം

## സി.എം.എഫ്.ആർ.ഐ. നാവിക സേനയ്ക്കു കൈമാറി

കൊച്ചി: മീൻപിടിക്കാൻ കടലിലിറങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിൽ വഴിത്തിരിവായേക്കാവുന്ന വിദ്യ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വികസിപ്പിച്ചു. ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന മീൻപിടിത്ത കേന്ദ്രങ്ങളുടെയും മീൻപിടിക്കാൻ അനുവദിക്കപ്പെട്ട ദൂരപരിധികളുടെയും ഭൂമിശാസ്ത്ര വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഭൂവിവര വിനിമയ സാങ്കേതിക വിദ്യ (ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം- ജി.ഐ.എസ്.) ഉപയോഗിച്ചുള്ള ഡാറ്റാബേസ് ആണ് സി.എം.എഫ്.ആർ.ഐ വികസിപ്പിച്ചത്.

കടലിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഈ വിവര സമാഹാരം സി.എം.എഫ്.ആർ.ഐ നാവിക സേനയ്ക്ക് കൈമാറിയിട്ടുണ്ട്. ഇന്ത്യയിലെ 1278 മീൻപിടിത്ത കേന്ദ്രങ്ങളും അവയുമായി ബന്ധപ്പെട്ട് നിൽക്കുന്ന സമുദ്രപരിധിയുടെ വിവരങ്ങളും മത്സ്യബന്ധന യാനങ്ങൾ സഞ്ചരിക്കുന്ന പാതകളും സി.എം.എഫ്.ആർ.ഐ തയാറാക്കിയ ജി.ഐ.എസ് ഡാറ്റാബേസിൽ ലഭ്യമാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മീൻപിടിത്തം സീസണുകൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഏതൊക്കെ സമയങ്ങളിൽ രാജ്യത്തിന്റെ ഏതൊക്കെ കടൽതീരങ്ങളിൽ മത്സ്യബന്ധനം നടക്കുന്നുണ്ടെന്നും വിവിധ തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ എത്രദൂരം കടലിൽ മുന്നോട്ടു പോകുന്നുണ്ടെന്നും ഇതിലൂടെ മനസിലാക്കാം.